06
2025
ജൂൺ
വെള്ളി
ഇടവം 23

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391








തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.157 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-157 പേജ് 4. വില 2.00 രൂപ



02 ▶ സംസ്ഥാനത്ത് പഴവർഗ കൃഷി വ്യാപിപ്പിക്കും: മന്ത്രി പി പ്രസാദ്

03 ▶ വന്യജീവി നിയമത്തിൽ കാലോചിതമായ മാറ്റം വേണം: കെസിബിസി

04 ▶ നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്: ഡ്രൈ ഡേ പ്രഖ്യാപിച്ചു


# മുങ്ങിയ കപ്പലിലെ വിവരങ്ങൾ പുറത്ത്

കൊച്ചി: കൊച്ചി തീരത്തിനടുത്ത് അറബിക്കടലിൽ മുങ്ങിയ എംഎസ്!സി എൽസ 3 ചരക്കുകപ്പലിലെ കണ്ടെയ്നറുകളിലുള്ള വസ്തുക്കളുടെ പട്ടിക സംസ്ഥാന സർക്കാർ പുറത്തുവിട്ടു. 13 കണ്ടെയ്നറുകളിൽ കാത്സ്യം കാർബൈഡാണ്. 60 കണ്ടെയ്നറുകളിൽ പോളിമർ അസംസ്കൃത വസ്തുക്കളാണ്.



46 കണ്ടെയ്നറുകളിൽ തേങ്ങയും കശുവണ്ടിയുമാണ്. 87 കണ്ടെയ്നറുകളിൽ തടിയാണെന്നും സർക്കാർ വ്യക്തമാക്കുന്നു. ഹൈക്കോടതി നിർദേശപ്രകാരമാണ് സംസ്ഥാന സർക്കാർ കപ്പലിലുണ്ടായിരുന്ന വസ്തുക്കളുടെ പട്ടിക പുറത്തുവിട്ടത്. 'കാഷ്' എന്നെഴുതിയ നാല് കണ്ടെയ്നറുകളിൽ കശുവണ്ടിയാണുണ്ടായിരുന്നത്. 39 കണ്ടെയ്നറുകളിൽ തുണി നിർമ്മാണത്തിനുള്ള പഞ്ഞിയാണ്. 71 കണ്ടെയ്നറുകളിൽ സാധനങ്ങളുണ്ടായിരുന്നില്ല. കപ്പലിൽ 643 കണ്ടെയ്നറുകൾ ഉണ്ടെന്നാണ് സർക്കാർ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ പുറത്തുവിട്ട പട്ടികയിലുള്ളത് 640 എണ്ണമാണ്. കാൽസ്യത്തിന്റെയും കാർബണിന്റെയും സംയുക്തമായ കാത്സ്യം കാർബൈഡാണ് 13 കണ്ടെയ്നറുകളിലുള്ളത്. ഇവയിൽ എട്ട് എണ്ണം കപ്പലിന്റെ അകത്തെ അറയിലാണ്. ബാക്കിയുള്ള കണ്ടെയ്നറുകൾ പുറത്തുമാണ് സൂക്ഷിച്ചിരുന്നത്.

13 കണ്ടെയ്നറുകളിൽ ഏഴെണ്ണമാണ് കടലിൽ വീണത്. ബാക്കിയുള്ളവ കപ്പലിൽ തന്നെയാണുള്ളത്. കാത്സ്യം കാർബൈഡ് വെള്ളവുമായി ചേർന്നാൽ പെട്ടെന്ന് തീപിടിക്കുന്ന അസറ്റലിൻ വാതകമായി മാറും. അസെറ്റിലീൻ വാതകം മനുഷ്യശരീരത്തിന് ഹാനികരമാണ്. മേയ് 25നാണ് കൊച്ചി തീരത്തുനിന്ന് 38 നോട്ടിക്കൽ മൈൽ (70. 37 കിലോമീറ്റർ) അകലെ, അറബിക്കടലിൽ എംഎസ്!സി എൽസ 3 എന്ന ലൈബീരിയൻ ചരക്കുകപ്പൽ അപകടത്തിൽപ്പെട്ടത്.

ആലപ്പുഴ തോട്ടപ്പള്ളി സ്പിൽവേയിൽനിന്ന് കേവലം 14.6 നോട്ടിക്കൽ മൈൽ (27 കിലോമീറ്റർ) അകലെയാണ് അപകടം. പ്രതികൂല കാലാവസ്ഥയെ തുടർന്നാണ് ചരക്കുകപ്പൽ അറബിക്കടലിൽ മുങ്ങിയത്. കപ്പൽ പൂർണമായി മുങ്ങിയതോടെ കണ്ടെയ്നറുകൾ സംസ്ഥാനത്തിന്റെ തെക്കൻ തീരങ്ങളിൽ പലയിടത്തായി അടിഞ്ഞിരുന്നു.

# 'ജീവൻ': പ്രസവശേഷം ആശുപത്രിയിൽ നിന്ന് കുഞ്ഞുമായി മടങ്ങുന്ന അമ്മയ്ക്ക് വൃക്ഷത്തൈ സമ്മാനം

## ലോക പരിസ്ഥിതി ദിനത്തിൽ വേറിട്ട മാതൃകയുമായി ആരോഗ്യ വകുപ്പ്

പ്രസവശേഷം ആശുപത്രിയിൽ നിന്ന് കുഞ്ഞുമായി മടങ്ങുന്ന അമ്മയ്ക്ക് വൃക്ഷത്തൈ സമ്മാനമായി നൽകുന്ന 'ജീവൻ' എന്ന പദ്ധതിയ്ക്ക് ലോക പരിസ്ഥിതി ദിനത്തിൽ തുടക്കമിട്ടു. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലാണ് പദ്ധതിയ്ക്ക് തുടക്കമിട്ടത്. സെക്രട്ടറിയേറ്റിൽ നടന്ന ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് എസ്.എ.ടി. ആശുപത്രിയിലെ ടീമിന് വൃക്ഷത്തൈ കൈമാറി. തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ജബ്ബാർ, എസ്.എ.ടി. ആശുപത്രി സൂപ്രണ്ട് ഡോ. ബിന്ദു, നഴ്സിംഗ് ഓഫീസർമാരായ ജ്യോതി, സജിത എന്നിവർക്കാണ് മന്ത്രി വൃക്ഷത്തൈ കൈമാറിയത്. സംസ്ഥാന സർക്കാരിന്റെ മികച്ച നഴ്സിനുള്ള പുരസ്കാരം നേടിയ നഴ്സിംഗ് ഓഫീസറാണ് ജ്യോതി. പ്രസവശേഷം എസ്.എ.ടി.യിൽ നിന്നും ഡിസ്ചാർജായി വീട്ടിലേക്ക് മടങ്ങിയ കുടുംബങ്ങൾക്ക് സൂപ്രണ്ട് വൃക്ഷത്തൈകൾ കൈമാറി.

തലമുറകളുടെ ആരോഗ്യകരമായ നിലനിൽപ്പിന് പ്രകൃതിയുടെ സംരക്ഷണം അനിവാര്യമാണെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ സമ്മാനമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആരോഗ്യ വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നത് വനം വകുപ്പുമായി ചേർന്നാണ്. പ്രസവം നടക്കുന്ന മറ്റ് ആശുപത്രികളിൽ കൂടി പദ്ധതി വ്യാപിപ്പിക്കും. പ്രസവശേഷം വീട്ടിലേക്ക് മടങ്ങുന്ന കുടുംബത്തെ മാതൃയാനം പദ്ധതിയിലൂടെ സൗജന്യ വാഹനത്തിലാണ് വീട്ടിലേയ്ക്ക് അയയ്ക്കുന്നത്. അവരുടെ സന്തോഷത്തിൽ പങ്കുചേർന്നാണ് വൃക്ഷത്തൈ കൂടി നൽകുന്നതെന്നും മന്ത്രി പറഞ്ഞു.

# സുഗതവനം' പദ്ധതി തുടർന്നുകൊണ്ട് എസ്‌യുടി ആശുപത്രിയിൽ ലോക പരിസ്ഥിതി ദിനം ആചരിച്ചു

തിരുവനന്തപുരം: ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി എസ് യു ടി ആശുപത്രി പട്ടം സംഘടിപ്പിച്ച 'സുഗതവനം' പദ്ധതിയുടെ തുടർച്ച നടപ്പാക്കി. കഴിഞ്ഞ വർഷം ആരംഭിച്ച 'സുഗത നക്ഷത്ര ഉദ്യാനം' പദ്ധതിയുടെ തുടർച്ചയായി ഇത്തവണ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ആശുപത്രിയുടെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ കേണൽ രാജീവ് മണ്ണാളി ഒരു തൈ നട്ടുകൊണ്ട് ചടങ്ങ് ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ വിദ്യാലയങ്ങളിലും ആരാധനാലയങ്ങളിലും പൊതു സ്ഥലങ്ങളിലും 'സുഗതവനം' സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സുഗതകുമാരി നവതി ആഘോഷ സമിതിയുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കിയതെന്ന് അദ്ദേഹം ഉദ്ഘടന വേളയിൽ പറയുകയുണ്ടായി. മെഡിക്കൽ സൂപ്രണ്ട് ഡോ. രാജശേഖരൻ നായർ, ചീഫ് ലെയ്സൺ ഓഫീസർ രാധാകൃഷ്ണൻ നായർ, മറ്റു ജീവനക്കാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്ത് നക്ഷത്ര വൃക്ഷത്തൈകൾ നട്ടു.



# ജൂൺ 10 മുതൽ 52 ദിവസം ട്രോളിംഗ് നിരോധനം

ജൂൺ 10 മുതൽ സംസ്ഥാനത്ത് ട്രോളിങ് നിരോധനം; വിജ്ഞാപനം പുറപ്പെടുവിച്ച് സർക്കാർ

തിരുവനന്തപുരം : കേരള തീരത്തെ കടലിൽ ട്രോളിങ് നിരോധനം ഏർപ്പെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. 2025 ജൂൺ 10 മുതൽ 2025 ജൂലൈ 31 വരെ (ജൂൺ 9 അർദ്ധരാത്രി മുതൽ ജൂലൈ 31 അർദ്ധരാത്രി വരെ) 52 ദിവസമാണ് ട്രോളിങ് നിരോധനം.



റവന്യു വകുപ്പിന്റെ കീഴിൽ ലാൻഡ് ബോർഡിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ ഓഫിസുകളിലെ 688 താൽക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി നൽകി. 2025 ജനുവരി ഒന്നു മുതൽ 2025 ഡിസംബർ 31വരെ ഒരു വർഷത്തേക്കാണ് തുടർച്ചാനുമതി.

റവന്യു വകുപ്പിൽ 2 സ്പെഷൽ ഡപ്യൂട്ടി തഹസിൽദാർ തസ്തികകൾ സൃഷ്ടിക്കും. കെഎസ്എഫ്ഇക്കു വേണ്ടിയാണ് 2 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത്. 12 കിഫ്ബി എൽഎ യൂണിറ്റുകൾക്കായി അധികമായി സൃഷ്ടിച്ചിരുന്ന 62 താൽക്കാലിക തസ്തികകൾക്ക് 2024 നവംബർ 11 മുതൽ ഒരു വർഷത്തേക്കു കൂടി തുടർച്ചാനുമതി നൽകി. സേവന വേതന ചെലവുകൾ കിഫ്ബി വഹിക്കണമെന്നുള്ള വ്യവസ്ഥകളോടെയാണ് അനുമതി നൽകിയത്.

സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രതിമാസ വേതനം പരിഷ്കരിച്ചു. 60, 000 രൂപയിൽ നിന്നും 70, 000 രൂപയാക്കി 2025 ജനുവരി ഒന്നു മുതൽ പ്രാബല്യത്തോടുകൂടിയാണ് വേതനം പരിഷ്ക്കരിച്ചത്. എൻഡിപിഎസ് കോടതി, എസ്സി/എസ്ടി കോടതി, അബ്കാരി കോടതി, പോക്സോ കോടതി, എൻഐഎ കോടതി എന്നീ പ്രത്യേക കോടതികളിലെ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ വേതനമാണ് പരിഷ്കരിച്ചത്.

സംസ്ഥാന ഒബിസി പട്ടികയിലെ 19ാം ഇനമായ 'ഗണിക' എന്ന സമുദായ നാമം 'ഗണിക/ഗാണിഗ' എന്ന് മാറ്റം വരുത്തും.

# പള്ളിത്തോട്ടം ഇൻഫന്റ് ജീസസ് സ്കൂളിൽ പരിസ്ഥിതി ദിനം ആചരിച്ചു

കൊല്ലം ജില്ലയിൽ പരിസ്ഥിതി ദിനം വിപുലമായി ആചരിച്ചു. കൊല്ലം ഇൻഫന്റ് ജീസസ് എൽ.പി.എസ്, പള്ളിത്തോട്ടം സ്കൂളിൽ പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി സ്ഥലം എം.എൽ.എ എം.മുകേഷ് വൃക്ഷ തൈ നട്ടു. തുടർന്ന് എം.എൽ എയുടെ തനതുഫണ്ടിൽ നിന്നും അനുവദിച്ച സ്മാർട്ട് ക്ലാസ് റൂം ഉദ്ഘാടനവും നടന്നു. സ്കൂൾ പ്രഥമ അധ്യാപകൻ ശ്രീ.ബെന്നി എ, സെന്റ് സ്റ്റീഫൻ ഇടവക വികാരി ഫാദർ വർഗ്ഗീസ് പൈനാട്, സ്കൂൾ പി.ടി.എ, അധ്യാപകർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.





കൊല്ലം പള്ളിത്തോട്ടം ഇൻഫന്റ് ജീസസ് സ്കൂളിൽ പരിസ്ഥിതി ദിനാഘോഷവും എം.എൽ എ യുടെ തനതുഫണ്ടിൽ നിന്നും അനുവദിച്ച സ്മാർട്ട്ക്ലാസ് റൂം ഉദ്ഘാടനവും മുകേഷ് എം.എൽ.എ നിർവഹിക്കുന്നു.




# തൃശൂരിൽ അമ്മയേയും മകളെയും കൊലപ്പെടുത്തിയ സംഭവം; പ്രതിക്കായി ലുക്കൗട്ട് നോട്ടീസ് പുറത്തിറക്കി

തൃശൂർ: പടിയൂർ പഞ്ചായത്ത് ഓഫീസിനടുത്തുള്ള വീട്ടിൽ കാറളം വെള്ളാനി സ്വദേശികളായ അമ്മയെയും മകളെയും മരിച്ചനിലയിൽ കണ്ടെത്തിയ സംഭവം കൊലപാതകമെന്നു പോലീസ്. കാറളം വെള്ളാനി കൈതവളപ്പിൽ പരേതനായ പരമേശ്വരന്റെ ഭാര്യ മണി (74), മകൾ രേഖ (43) എന്നിവരാണ് മരിച്ചത്.

സംഭവം കൊലപാതകമാണെന്നു പോലീസ് സ്ഥിരീകരിച്ചതോടെ രേഖയുടെ രണ്ടാംഭർത്താവ് കോട്ടയം സ്വദേശി പ്രേംകുമാറിനെ കണ്ടെത്താൻ പോലീസ് അന്വേഷണം ഊർജിതമാക്കി. ഒളിവിൽ പോയ ഇയാൾക്കായി പോലീസ് ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്.

മണിയെയും രേഖയെയും പ്രേംകുമാർ കഴുത്തു ഞെരിച്ച് കൊന്നതാകാമെന്നാണു പോലീസ് പറയുന്നത്. ബുധനാഴ്ച ഉച്ചയോടെ വീട്ടിൽനിന്ന് ദുർഗന്ധം വന്നതിനെത്തുടർന്ന് അയൽവാസികൾ ഇരിങ്ങാലക്കുട ബോയ്സ് സ്കൂളിലെ ജീവനക്കാരിയായ മൂത്തമകൾ സിന്ധുവിനെ വിവരമറിയിച്ചതോടെയാണ് കൊലപാതകത്തെക്കുറിച്ച് നാട്ടുകാർ അറിയുന്നത്.

കഴിഞ്ഞ അഞ്ചുമാസമായി മരിച്ച മണിയും, മകൾ രേഖയും പടിയൂരിൽ വാടകയ്ക്കു താമസിച്ചുവരികയായിരുന്നു. ഇവിടെ താമസം തുടങ്ങിയശേഷം രേഖ കോട്ടയം സ്വദേശിയായ പ്രേംകുമാറിനെ വിവാഹം കഴിച്ചു.

രേഖയുടെ രണ്ടാമത്തെ വിവാഹമാണിത്. മരിച്ച രേഖയുടെ മൃതദേഹത്തിൽനിന്ന് ഭാര്യയും പുരുഷ സുഹൃത്തുക്കളും തമ്മിലുള്ള ചിത്രങ്ങൾ വസ്ത്രത്തിൽ ഒട്ടിച്ച നിലയിൽ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ പ്രേംകുമാർ എഴുതിയതെന്ന് കരുതുന്ന ഭീഷണിക്കത്ത് ലഭിച്ചതായും മരണം കൊലപാതകമാണെന്ന് ഇത് ഉറപ്പുവരുത്തുന്നതായും പോലിസ് പറഞ്ഞു. ഭാര്യയുടെ സ്വഭാവത്തെ വിമർശിച്ചും കുറിപ്പ് കണ്ടെത്തിയിട്ടുണ്ട്.

ചൊവ്വാഴ്ച ഉച്ചയ്ക്കു ശേഷമാകാം കൊലപാതകം നടന്നതെന്ന് പോലീസ് പറയുന്നു. പ്രേംകുമാർ രണ്ടുദിവസം മുമ്പുവരെ ഇവിടെയുണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ ഇയാളെ ബന്ധപ്പെടാൻ സാധിക്കുന്നില്ല.

കുറച്ച് ദിവസങ്ങൾക്ക് മുന്പ് പ്രേംകുമാറിനെതിരേ ഇരിങ്ങാലക്കുട വനിതാ സ്റ്റേഷനിൽ രേഖ പരാതി നൽകിയിരുന്നതായി സഹോദരി സിന്ധു പറഞ്ഞു. തിങ്കളാഴ്ച ഇരുവരെയും വിളിപ്പിച്ച് കൗൺസിലിംഗിനെത്താൻ നിർദേശം നൽകിയിരുന്നു. പിന്നീട് പോലീസ് സ്റ്റേഷനിൽനിന്ന് വീട്ടിലേക്കു മടങ്ങിയശേഷം അമ്മയെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ലെന്നാണ് സിന്ധു പറയുന്നത്.

മരിച്ച മണിയുടെ മൂത്ത മകളും ഇരിങ്ങാലക്കുട ബോയ്സ് സ്കൂളിലെ ജീവനക്കാരിയുമായ സിന്ധുവിന് രണ്ടുദിവസമായി അമ്മയെ വിളിച്ചിട്ടു കിട്ടുന്നുണ്ടായിരുന്നില്ല. വീടിനുള്ളിൽനിന്നു ദുർഗന്ധം വമിച്ചതോടെ നാട്ടുകാർ വിവരമറിയിച്ചതിനെതുടർന്ന് ഇരിങ്ങാലക്കുട ബോയ്സ് സ്കൂൾ ജീവനക്കാരിയായ സിന്ധു ഉച്ചയ്ക്കു രണ്ടുമണിയോടെയാണു പടിയൂരിലെ വീട്ടിലെത്തിയത്.

പിറകിൽനിന്നും വാതിൽ തള്ളിത്തുറന്ന് അകത്തുകയറിയപ്പോഴാണ് മരിച്ചനിലയിൽ ഇരുവരെയും കണ്ടത്. കിടപ്പുമുറിക്കും അടുക്കളയ്ക്കും ഇടയിലുള്ള ഭാഗത്താണ് ഇരുവരും മരിച്ചുകിടന്നിരുന്നത്. മൃതദേഹങ്ങൾ അഴുകിയ നിലയിലായിരുന്നു.

വിവരമറിഞ്ഞതിനെതുടർന്ന് കാട്ടൂർ സിഐ ഇ.ആർ. ബൈജുവിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം സ്ഥലത്തെത്തി ഇൻക്വസ്റ്റിനുശേഷം മൃതദേഹങ്ങൾ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രി മോർച്ചറിയിലേക്കു മാറ്റി.

ഫോറൻസിക് സംഘവും ഡോഗ് സ്ക്വാഡും സ്ഥലത്തു പരിശോധന നടത്തി. വീടിന്റെ ഉൾഭാഗം അലങ്കോലമായ നിലയിലാണ്. മരിച്ച മണി ഇരിങ്ങാലക്കുടയിൽ വീട്ടുജോലികൾക്കു പോയിരുന്നു. സിന്ധു, സിജി, രേഖ എന്നിവരാണ് മണിയുടെ മക്കൾ. മരിച്ച രേഖയ്ക്കും രണ്ടു മക്കളുണ്ട്.

കാമുകിക്കൊപ്പം ജീവിക്കാൻ ആദ്യ ഭാര്യയെ കൊലപ്പെടുത്തിയയാളാണ് പ്രതി പ്രേംകുമാറെന്നു പോലീസ് പറയുന്നു. ഈ കേസിൽ ജാമ്യത്തിലിറങ്ങിയ ശേഷമാണു രേഖയ്ക്കൊപ്പം താമസമാക്കിയത്.

2019 സെപ്റ്റംബർ 20 നായിരുന്നു പ്രേംകുമാർ ആദ്യ ഭാര്യ ചേർത്തല കഞ്ഞിക്കുഴി പുതിയാപറമ്പ് വിദ്യയെ(48) കൊലപ്പെടുത്തിയത്. സ്കൂളിലെ പൂർവ വിദ്യാർഥി സംഗമത്തിനിടെ പരിചയത്തിലായ ഹൈദരാബാദിൽ ജോലി ചെയ്തിരുന്ന സഹപാഠി തിരുവനന്തപുരം വെള്ളറട അഞ്ചുമരംകാല വാലൻവിള സുനിത ബേബി (39)യുമായി ഇയാൾ പ്രണയത്തിലാകുകയും പിന്നീട് ഇവരെ വിവാഹം കഴിക്കാൻ വിദ്യയെ കൊന്ന് മൃതദേഹം തിരുനെൽവേലിയിലെ കുറ്റിക്കാട്ടിൽ തള്ളുകയുമായിരുന്നു.

2019 ഡിസംബർ ആറിന് ഉദയംപേരൂർ പോലീസ് സ്റ്റേഷനിലെ ഒരു ഉദ്യോഗസ്ഥന് 'വിദ്യയെ കാണാതായതല്ലെന്നും താൻ കൊന്നതാണെന്നും' വാട്സ്ആപ്പ് സന്ദേശം അയച്ചു.

പോലീസിനു മുന്നിൽ ഇയാൾ കീഴടങ്ങാതെ വന്നപ്പോൾ ടവർ ലൊക്കേഷൻ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് അന്ന് നാലാഞ്ചിറയിലെ ഓർഫനേജിൽ വച്ച് പ്രേംകുമാറിനെയും കാമുകി സുനിതയെയും കസ്റ്റഡിയിലെടുത്തത്.

കാമുകിക്കൊപ്പം താമസിക്കാനാണ് ഭാര്യയെ കൊന്നതെന്ന് പ്രേംകുമാർ മൊഴി നൽകി. എന്നാൽ മക്കളുടെ സംരക്ഷണയെക്കുറിച്ചുള്ള തർക്കം വന്നു. ഇതിനിടിയൽ സുനിത ഹൈദരാബാദിലുള്ള ഭർത്താവിന്റെയും മൂന്നു മക്കളുടെയും അടുത്തേക്ക് പോകുമെന്ന വിശ്വാസത്തിൽ കുറ്റം സുനിതയിൽ കെട്ടിവച്ച് രക്ഷപ്പെടാനുള്ള ശ്രമത്തിലായിരുന്നു ഇയാൾ.

ബംഗളൂരുവിൽനിന്ന് ബഹറിനിലേക്ക് പോകാനുള്ള ടിക്കറ്റ് അന്ന് ഇയാൾ എടുത്തിരുന്നു. ഡിസംബർ 11 ന് ഇയാളുടെയും സുനിതയുടെയും അറസ്റ്റിനുശേഷം തിരുനെൽവേലിയിൽനിന്ന് വിദ്യയുടെ മൃതദേഹാവശിഷ്ടങ്ങൾ പോലീസ് കണ്ടെത്തിയിരുന്നു.



ലോക പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി കൃഷി വകുപ്പ് സംഘടിപ്പിച്ച ഫലവൃക്ഷത്തൈ നടീലിന്റെ സംസ്ഥാനതല ഉദ്ഘാടനം സെക്രട്ടറിയേറ്റ് അങ്കണത്തിൽ മന്ത്രി പി പ്രസാദ് നിർവഹിക്കുന്നു

## സംസ്ഥാനത്ത് പഴവർഗ കൃഷി വ്യാപിപ്പിക്കും: മന്ത്രി പി പ്രസാദ്

സംസ്ഥാനത്ത് 1670 ഹെക്ടർ ഭൂമിയിൽ പഴവർഗ ക്ലസ്റ്റർ നടപ്പിലാക്കി പഴവർഗ കൃഷി വ്യാപിപ്പിക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ്. കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന രീതിയിൽ നാടൻ പഴവർഗ ഇനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതെന്നും മന്ത്രി പറഞ്ഞു. ലോക പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി കൃഷി വകുപ്പ് സംഘടിപ്പിച്ച ഫലവൃക്ഷത്തൈ നടീലിന്റെ സംസ്ഥാനതല ഉദ്ഘാടനം സെക്രട്ടറിയേറ്റ് ദർബാർ ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്തെ ഫ്രൂട്ട് ഹബ്ബാക്കിമാറ്റുകയാണ് ലക്ഷ്യം. പ്ലാവ്, മാവ്, പപ്പായ തുടങ്ങിയവയ്ക്കു പുറമേ കേരളത്തിലെ കാലാവസ്ഥക്കിണങ്ങിയതും പരിസ്ഥിതിക്ക് ദോഷകരമല്ലാത്തതുമായ അവോക്കാഡ, റംബുട്ടാൻ ഉൾപ്പെടെയുള്ളവ തിരഞ്ഞെടുക്കും. കൂടുതൽ കർഷകർ പഴവർഗ കൃഷിയിൽ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതിക്ക് ദോഷകരമായ ഇനങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള കൃഷി കർഷകർക്ക് വിദേശനാണ്യം നേടിത്തരുന്നതിൽ മുതൽക്കൂട്ടാകും. കൃഷി ഭൂമി കർഷകർക്ക് ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പ് ഇതിനോടകം തന്നെ നവോത്ഥാൻ പദ്ധതി നടപ്പിലാക്കി. ക്രോപ് കൾട്ടിവേറ്റേഴ്സ് റൈറ്റ് കാർഡ് കൂടി നിലവിൽ വരുന്നതോടെ കൂടുതൽ കൃഷി ഭൂമി കർഷകരിലേക്കെത്തുന്ന സാഹചര്യമുണ്ടാകും. കൃഷി വ്യാപിപ്പിക്കുന്നതിനായി ഭൂവിനിയോഗചട്ടങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരുമെന്നും മന്ത്രി പറഞ്ഞു.

വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ മൈക്രോ പ്ലാസ്റ്റിക്കിന്റെ അംശം തലച്ചോറിലും രക്തത്തിലും വരെ കണ്ടെത്തിയിട്ടുണ്ട്. 2050 ആകുമ്പോൾ കടലിൽ മത്സ്യത്തേക്കാൾ പ്ലാസ്റ്റിക്കിന്റെ അളവ് കൂടുമെന്നാണ് കണക്കാക്കപ്പെടുന്നത്. പ്ലാസ്റ്റിക് ഉൽപ്പാദനവും ഇപ്പോൾ കൂടുതലാണ്. പരിസ്ഥിതിക്ക് ഹാനികരമായ വസ്തുക്കളോട് അകലം പാലിക്കണം. പ്രകൃതി സംരക്ഷണം എന്നത് ആരോഗ്യ സംരക്ഷണമാണെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട്, വരും തലമുറക്കായി പ്രകൃതിയെ സംരക്ഷിക്കണമെന്നും മന്ത്രി പറഞ്ഞു.സെക്രട്ടറിയേറ്റ് അങ്കണത്തിൽ മന്ത്രി ഫലവൃക്ഷത്തൈ നട്ടു. പട്ടം ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും മന്ത്രി ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു.എംഎൽഎ ആന്റണി രാജു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബി അശോക്, ഡയറക്ടർ ശ്രീറാം വെങ്കിട്ടരാമൻ, കർഷക പ്രതിനിധി ചന്ദ്രകുമാർ, കർഷക തൊഴിലാളി പ്രതിനിധി രവീന്ദ്രൻ നായർ തുടങ്ങിയവർ സംബന്ധിച്ചു.

## വടകരയിൽ സ്വർണം കവർന്ന കേസ്: പ്രതി പിടിയിൽ

കോഴിക്കോട്: വടകരയിൽ സ്വർണം കവർന്ന കേസിൽ പ്രതി പിടിയിൽ. വടകര മാർക്കറ്റ് റോഡിലെ ഗിഫ്റ്റ് ഹൗസ് സ്റ്റേഷനറി കടയിലെ ജീവനക്കാരനാണ് മോഷണത്തിന് പിടിയിലായത്. വിവാഹ ആവശ്യത്തിനായി കടയുടമ ഗീത ലോക്കറിൽ നിന്ന് എടുത്ത് കടയിൽ സൂക്ഷിച്ച സ്വർണമാണ് മോഷണം പോയത്. 24 പവൻ സ്വർണ്ണാഭരണമാണ് പ്രതി കവർന്നത്.

ജൂൺ രണ്ടാം തീയതിയാണ് മോഷണം നടന്ന വിവരം കടയുടമ ഗീത അറിയുന്നത്. തുടർന്ന് പൊലീസിൽ പരാതി നൽകി. അന്വേഷണത്തിലാണ് കടയിലെ ജീവനക്കാരൻ സുനിലാണ് മോഷണം നടത്തിയതെന്ന് കണ്ടെത്തിയത്.

മുപ്പത്തഞ്ച് വർഷത്തോളമായി കടയിൽ ജോലി ചെയ്യുന്ന ആളാണ് പ്രതി സുനിൽ എന്നാണ് ഗീത പറഞ്ഞത്. വിവാഹ ആവശ്യവുമായി ലോക്കറിൽ നിന്നും എടുത്ത സ്വർണ്ണം വീട്ടിൽ വെക്കുന്നത് സുരക്ഷിതമല്ലെന്ന് കരുതിയാണ് ഗീത കടയിൽ സൂക്ഷിച്ചത്. ഇത് മനസിലാക്കിയ പ്രതി സുനിൽ മോഷണം നടത്തുകയായിരുന്നു.

## അപേക്ഷ ക്ഷണിച്ചു

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിൽ വർക്കിങ് പ്രൊഫഷണൽ സിവിൽ എൻജിനിയറിങ് ഈവനിങ് കോഴ്സിലെ താൽക്കാലിക അധ്യാപക തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഒന്നാം ക്ലാസ് സിവിൽ എൻജിനിയറിങ് ബി.ടെക് ബിരുദ യോഗ്യയുള്ളവർക്ക് ജൂൺ 9 ന് രാവിലെ 10 മണിക്കുള്ള അഭിമുഖത്തിൽ പങ്കെടുക്കാം.

## പരീക്ഷ മാറ്റി

ജൂൺ 10 ന് നടത്താനിരുന്ന D El Ed (ജനറൽ, ഭാഷാ വിഷയങ്ങൾ) പരീക്ഷകൾ ആറാം സാധ്യയ ദിന ക്രമീകരണങ്ങളുടെ അടിസ്ഥാനത്തിൽ ജൂൺ 16 ലേക്ക് മാറ്റി.

## പരിസ്ഥിതിയെ മറന്നുള്ള വികസനം നമ്മെ പിന്നോട്ട് നയിക്കും: മന്ത്രി എ.കെ ശശീന്ദ്രൻ

ജനസംഖ്യാ വർദ്ധനവും അതിന് ആനുപാതികമായ വികസന പ്രവർത്തനങ്ങളും നമുക്ക് ഒഴിവാക്കുവാൻ കഴിയില്ലെങ്കിലും പരിസ്ഥിതിയെ മറന്നുകൊണ്ടുള്ള വികസനം നമ്മെ പിന്നോട്ട് നയിക്കുമെന്ന് വനം മന്ത്രി എ.കെ. ശശീന്ദ്രൻ. ലോക പരസ്ഥിതിദിനാഘോഷ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം പി.ടി.പി നഗർ, അരണ്യം ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പരിസ്ഥിതിദിനവുമായി ബന്ധപ്പെട്ട് ഓരോ വർഷവും വിവിധ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. എന്നാൽ നമ്മൾ ആശിച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സമയം തെറ്റിയെത്തുന്ന കാലവർഷം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങൾ ജീവന്റെ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുകയാണ്. പല സ്വാഭാവിക ആവാസവ്യവസ്ഥകളും ഇന്ന് വൻതോതിലുള്ള പ്ലാസ്റ്റിക് മലിനീകരണത്തിന് വിധേയമാണ്. നദികളിലൂടെ അവ കടലിൽ എത്തി അവിടെ പ്ലാസ്റ്റിക് ദ്വീപുകൾ തന്നെ രൂപപ്പെട്ടിരിക്കുകയാണെന്ന് മന്ത്രി പറഞ്ഞു. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് വനം വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണെന്നും എന്നാൽ ഇവയൊക്കെ മറികടക്കാനുള്ള പുതിയ മാർഗ്ഗങ്ങൾ വന്യജീവികൾ കൈക്കൊള്ളാറുണ്ടെന്നും മന്ത്രി പറഞ്ഞു.

വകുപ്പിന്റെ 12 ഓൺലൈൻ സേവനങ്ങൾ അടങ്ങിയ ഇ-ഗവേണൻസ് ഡിജിറ്റൽ സ്യൂട്ട് മന്ത്രി റിലീസ് ചെയ്തു. വകുപ്പിന്റെ നേട്ടങ്ങളുടെ പുസ്തകം, അരണ്യം പരിസ്ഥിതിദിന പ്രത്യേക പതിപ്പ്, വിത്തൂട്ട് കൈപുസ്തകം, സോളാർ ഫെൻസിംഗുമായി ബന്ധപ്പെട്ട കൈപുസ്തകം എന്നിവയും മന്ത്രി പ്രകാശനം ചെയ്തു.പ്ലാസ്റ്റിക്കിനെതിരായുള്ള പോരാട്ടം കൂട്ടായി നടത്തണമെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ വി.കെ. പ്രശാന്ത് എം.എൽ.എ. പറഞ്ഞു.

പരിസ്ഥതിദിനവുമായി ബന്ധപ്പെട്ട് കേരള സർവ്വകലാശാല അക്വാട്ടിക് ബയോളജി & ഫിഷറീസ് വകുപ്പ് അസി. പ്രൊഫസർ ഡോ. സുവർണ്ണാദേവി എസ്. വിഷയാവതരണം നടത്തി. ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ്. ജി. കൃഷ്ണൻ പരിസ്ഥിതിദിന സന്ദേശം നൽകി. അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരായ ഡോ.പി. പുകഴേന്തി, എൽ. ചന്ദ്രശേഖർ, ജസ്റ്റിൻ മോഹൻ, ഫോറസ്റ്റ് കൺസർവേറ്റർ (എച്ച്.ആർ.ഡി.) ഡി.കെ. വിനോദ് കുമാർ എന്നിവർ പങ്കെടുത്തു.

## പ്രിന്റിംഗ് ടെക്നോളജി കോഴ്സ്: അപേക്ഷ ക്ഷണിച്ചു

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരം (04712474720, 2467728), എറണാകുളം (04842605322), കോഴിക്കോട് (04952356591, 2723666) എന്നീ കേന്ദ്രങ്ങളിൽ ആരംഭിച്ച കേരള ഗവണ്മെന്റ് അംഗീകാരമുള്ള ഒരു വർഷ കെ ജി.ടി.ഇ പ്രീ-പ്രസ് ഓപ്പറേഷൻ, കെജി.ടി.ഇ പ്രസ് വർക്ക്, കെജി.ടി.ഇ പോസ്റ്റ്-പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനിഷിംഗ് 2025-26 കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി/ പട്ടികവർഗ/ മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി/ എസ്.ഇ.ബി.സി/ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും. അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം അതാത് കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്യണം. വിശദ വിവരങ്ങൾക്ക്: കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം-695024. ഫോൺ: 0471-2474720. 0471-2467728. വെബ് സൈറ്റ്: www.captkerala.com.

## കോച്ച്, ട്രെയിനർ തസ്തികകളിലേക്ക് വാക്ക് – ഇൻ – ഇന്റർവ്യൂ

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ സ്പോർട്സ് അക്കാദമികളിലേക്കും കേന്ദ്രങ്ങളിലേക്കും കരാർ അടിസ്ഥാനത്തിൽ കോച്ച്/ട്രെയിനർമാരെ നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. ഫുട്ബോൾ, ഫെൻസിങ്, ജൂഡോ, ഗുസ്തി, ഹോക്കി, ബാസ്കറ്റ്ബോൾ, വോളിബോൾ, ടായ്ക്വോണ്ടോ എന്നീ കായിക ഇനങ്ങളിൽ മികവ് പുലർത്തുന്നവർക്കാണ് അവസരം.

കോച്ച് തസ്തികയ്ക്ക് അപേക്ഷിക്കുന്നവർ എൻ.ഐ.എസിൽ നിന്നുള്ള ഒരു വർഷത്തെ റെഗുലർ ഡിപ്ലോമ, അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദം, ബന്ധപ്പെട്ട കായിക ഇനത്തിൽ കുറഞ്ഞത് രണ്ട് വർഷത്തെ പ്രവർത്തന പരിചയം, അതോടൊപ്പം ആ കായിക ഇനത്തിൽ മികവ് എന്നിവ ഉണ്ടായിരിക്കണം. പ്രായപരിധി 45 വയസ്സ്.

ട്രെയിനർ തസ്തികയ്ക്ക് ടഅക യിൽ നിന്നുള്ള സർട്ടിഫിക്കറ്റ് കോഴ്സോ അംഗീകൃത അതോറിറ്റി നൽകിയ കോച്ചിങ് ലൈസൻസോ, പ്ലസ് ടു വിദ്യാഭ്യാസ യോഗ്യത, ബന്ധപ്പെട്ട കായിക ഇനത്തിൽ രണ്ട് വർഷത്തെ പരിചയം, മികവ് എന്നിവ ഉണ്ടായിരിക്കണം. പ്രായപരിധി 45 വയസ്സ്. മുൻ സൈനികർക്ക് ഇളവുകൾ ബാധകമാകും.

യോഗ്യരായവർ ജൂൺ 11ന് രാവിലെ 10ന് തിരുവനന്തപുരത്തെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ഓഫീസിൽ ബന്ധപ്പെട്ട രേഖകളുടെ അസലും പകർപ്പുമായി വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകണം.



അന്താരാഷ്ട്ര ആർക്കൈവ്സ് ദിനാഘോഷത്തിന്റെ ഉദ്ഘാടനം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കുന്നു



പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി മന്ത്രി വി ശിവൻകുട്ടി ഔദ്യോഗിക വസതിയായ റോസ് ഹൗസിൽ വൃക്ഷത്തൈ നടുന്നു




പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഐഎച്ച്ആർഡിയിൽ സംഘടിപ്പിച്ച ഹരിതവർത്തമാനം പരിപാടിയിൽ കവി പ്രൊഫ വി മധുസൂദനൻ നായർ സംസാരിക്കുന്നു

# വനവിസ്തൃതി വർധിപ്പിക്കാനുള്ള നീക്കം കടുത്ത ജനദ്രോഹം; വന്യജീവി നിയമത്തിൽ കാലോചിതമായ മാറ്റം വേണം: കെസിബിസി

കൊച്ചി: സംസ്ഥാനത്ത് വന്യമൃഗശല്യം ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ 1972-ലെ വനം വന്യജീവി സംരക്ഷണ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണമെന്ന് കെസിബിസി. ഇനിയും ജനസാന്ദ്രത ഏറെയുള്ള കേരളത്തിൽ വനവിസ്തൃതി വർധിപ്പിക്കാനുള്ള നീക്കം കടുത്ത ജനദ്രോഹമാണെന്നും കെസിബിസി വർഷകാല സമ്മേളനത്തോടനുബന്ധിച്ച് പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ പറയുന്നു.

അനേകലക്ഷം ജനങ്ങളുടെ ജീവനും സ്വത്തിനും ഉപജീവനമാർഗ്ഗങ്ങൾക്കും കടുത്ത വെല്ലുവിളിയായി മാറിയ ഈ പ്രതിസന്ധിയെ ക്രിയാത്മകമായും ഫലപ്രദമായും നേരിടാനും ജനങ്ങൾക്ക് സംരക്ഷണം ഉറപ്പുവരുത്താനും സർക്കാർ തയാറാകണം. വികസിത രാജ്യങ്ങളിലെപോലെ, പെരുകുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കാനുള്ള ശാസ്ത്രീയ സമീപനങ്ങൾ കേരളത്തിൽ സ്വീകരിക്കണം. സമീപകാലങ്ങളായി വനംവകുപ്പ് നിഷ്ക്രിയമായും ജനവിരുദ്ധമായും മാറുന്നതായുള്ള പരാതികൾ പരിഗണിച്ച് യുക്തമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും വാർത്താക്കുറിപ്പിൽ പറയുന്നു. കാർഷികമേഖലയുടെയും കർഷകരുടെയും പുനരുദ്ധാരണത്തിന് സാധ്യമായ പ്രായോഗിക പദ്ധതികൾ വിഭാവനം ചെയ്യാനും നടപ്പാക്കാനും സർക്കാർ തയാറാകണം. കർഷക കൂട്ടായ്മകളെ ശക്തിപ്പെടുത്തുന്ന സർക്കാർ നീക്കങ്ങൾക്ക് എല്ലാവിധ പിന്തുണകളും സഭ ഉറപ്പുനൽകുന്നു. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുകയും നെല്ലിന്റെ താങ്ങുവില വർധിപ്പിക്കുകയും വേണം. സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും കെസിബിസി ആവശ്യപ്പെട്ടു.

കേരളത്തിൽ നിയന്ത്രണാതീതമായി വർധിച്ചുവരുന്ന ലഹരി ഉപയോഗത്തെയും അതിന്റെ പരിണിത ഫലങ്ങളെയും കുറിച്ച് കെസിബിസി യോഗം ആശങ്ക പ്രകടിപ്പിച്ചു. ആഗോള ലഹരിവിരുദ്ധ ദിനമായ ജൂൺ 26 ന് സഭയുടെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലും രാവിലെ അസംബ്ലിയോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടികളും ലഹരിവിരുദ്ധ പ്രതിജ്ഞയും സംഘടിപ്പിക്കും.

മാസങ്ങളായി സമരമുഖത്ത് തുടരുന്ന മുനമ്പം നിവാസികളുടെ പ്രതിസന്ധികൾക്ക് ഇനിയും പരിഹാരമാകാത്തത് കെസിബിസി ഗൗരവമായി ചർച്ച ചെയ്തു. ജസ്റ്റീസ് സി. എൻ. രാമചന്ദ്രൻ റിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിക്കപ്പെട്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഉചിതമായ നിലപാട് സർക്കാർ സ്വീകരിക്കുകയും നിവാസികളുടെ റവന്യൂ അവകാശങ്ങൾ പൂർണമായും ശാശ്വതമായും പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ അവധാനതയോടെ കൈക്കൊള്ളുകയും വേണമെന്നും കെസിബിസി ആവശ്യപ്പെട്ടു. അസംഘടിത തൊഴിലാളികൾ നേരിടുന്ന വിവിധങ്ങളായ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ കെസിബിസി ലേബർ കമ്മീഷന്റെ നേതൃത്വത്തിൽ അവർക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും വ്യാപകവുമാക്കുവാനുള്ള നടപടികൾ സ്വീകരിക്കാൻ മെത്രാൻ സമിതി തീരുമാനിച്ചു.

തീരശോഷണവും കടലാക്രമണവും വർധിച്ചുകൊണ്ടിരിക്കുന്നതിന് ആനുപാതികമായി തീരദേശവാസികളും മൽസ്യബന്ധനം ഉപജീവനമാർഗമായി സ്വീകരിച്ചിരിക്കുന്ന അനേകായിരം കുടുംബങ്ങളും കൂടുതൽ വലിയ പ്രതിസന്ധികളിൽ അകപ്പെട്ടിരിക്കുകയാണ്. ആ ജനതയുടെ സാമ്പത്തികവും ഭൗതികവുമായ സുരക്ഷിതത്വം ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സർക്കാർ അടിയന്തരമായി കൈക്കൊള്ളണം. വയനാട്, വിലങ്ങാട് ദുരന്തബാധിത മേഖലകളിൽ സഭയുടെ നേതൃത്വത്തിലുള്ള പുനരധിവാസ - സമാശ്വാസ പ്രവർത്തനങ്ങൾ ശ്ലാഘനീയമായ വിധത്തിൽ മുന്നേറുന്നതായി മെത്രാന്മാർ വിലയിരുത്തി. കെസിബിസി പ്രഖ്യാപിച്ച വയനാട്, വിലങ്ങാട് പ്രകൃതിദുരന്ത പുനരധിവാസ പദ്ധതി പ്രകാരമുള്ള നൂറു ഭവനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പല ഘട്ടങ്ങളിലായി മുന്നേറിക്കൊണ്ടിരിക്കുന്നു. അർഹരായ നൂറു ദുരന്തബാധിത കുടുംബങ്ങൾക്ക് ഈ വർഷം ഡിസംബർ മാസത്തോടെ ഭവനങ്ങൾ കൈമാറുന്നതാണെന്നും വാർത്താക്കുറിപ്പിൽ അറിയിച്ചു.

വിദ്യാഭ്യാസ മേഖലയിൽ സമീപകാലങ്ങളായി മാനേജ്മെൻറുകൾ നേരിടുന്ന വെല്ലുവിളികൾക്ക് സർക്കാർ അർഹിക്കുന്ന പരിഗണന നൽകേണ്ടതുണ്ടെന്നും കെസിബിസി വിലയിരുത്തി. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടാണ് വിദ്യാഭ്യാസ രംഗത്തെ നൂതന ആശയങ്ങളും പദ്ധതികളും നടപ്പിലാക്കപ്പെടുന്നത് എന്ന് സർക്കാർ ഉറപ്പുവരുത്തണം.

നിർദ്ദിഷ്ട ഭിന്നശേഷി നിയമനങ്ങൾ സർക്കാർ നൽകുന്ന ലിസ്റ്റ് പ്രകാരം നടത്താൻ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെൻറുകൾ തയ്യാറാണ്. എന്നാൽ, അപേക്ഷകരില്ലാതെ ഭിന്നശേഷി നിയമനം നടക്കാത്ത പക്ഷം മറ്റു നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിന് മാറ്റമുണ്ടാകണം. അപ്രകാരം കാലങ്ങളായി തടസപ്പെട്ടിരിക്കുന്ന നിയമനങ്ങൾ സ്ഥിരപ്പെടുത്താനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും കെസിബിസി ആവശ്യപ്പെട്ടു.

കഴിഞ്ഞ രണ്ട് ആഴ്ചകൾക്കിടയിൽ ഒഡീഷ സംസ്ഥാനത്ത് മാത്രം വൈദികർക്കും സന്യസ്തർക്കും എതിരെ രണ്ട് അക്രമസംഭവങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. പാവപ്പെട്ട ജനങ്ങൾക്ക് വിദ്യാഭ്യാസ - ആതുര ശുശ്രൂഷാ സേവനങ്ങൾ പതിറ്റാണ്ടുകളായി നൽകിവരുന്ന പ്രേഷിതർക്കെതിരെ നടക്കുന്ന ഇത്തരം അതിക്രമങ്ങൾ ന്യായീകരിക്കാൻ കഴിയുന്നതല്ല. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പ്രവർത്തനനിരതരായിരിക്കുന്ന മിഷണറിമാർ നേരിടുന്ന ഭീഷണികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഗൗരവമായെടുക്കുകയും പരിഹാരം കണ്ടെത്തുകയും വേണമെന്നും കെസിബിസി ആവശ്യപ്പെട്ടു.

ക്രൈസ്തവ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠനം നടത്തിയ ജസ്റ്റീസ് ജെ. ബി. കോശി കമ്മീഷന്റെ റിപ്പോർട്ട് ഇനിയും പ്രസിദ്ധീകരിക്കാനോ ശിപാർശകളിന്മേൽ നടപടികൾ സ്വീകരിക്കാനോ സർക്കാർ ശ്രമിക്കാത്തത് പ്രതിഷേധാർഹമാണ്. കമ്മീഷൻ റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുകയും തുടർനടപടികൾ അടിയന്തരമായി കൈക്കൊള്ളുകയും വേണമെന്നും വാർത്താക്കുറിപ്പിൽ പറയുന്നു. ഈമാസം മൂന്ന്, നാല് തീയതികളിലായി കേരളകത്തോലിക്കാസഭാ കാര്യാലയമായ പാലാരിവട്ടം പിഒസിയിലാണ് കെസിബിസി വർഷകാലസമ്മേളനം നടന്നത്. കെസിബിസി പ്രസിഡൻറ് കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ അധ്യക്ഷത വഹിച്ച യോഗത്തിൽ കേരളത്തിലെ 32 രൂപതകളിൽനിന്നുള്ള മെത്രാന്മാർ പങ്കെടുത്തു. 2025 ലെ മഹാജൂബിലി ആഘോഷവും കേരളകത്തോലിക്കാ സഭ പ്രഖ്യാപിച്ച സഭാനവീകരണവും നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികവും സംയുക്തമായി കേരളസഭാതലത്തിൽ ആചരിക്കാനും കെസിബിസി സമ്മേളനം തീരുമാനിച്ചു.

## ജർമനിക്കെതിരെ തകർപ്പൻ ജയം; നേഷൻസ് ലീഗിന്റെ ഫൈനലിൽ കടന്ന് പോർച്ചുഗൽ

മ്യൂണിക്ക്: യുവേഫ നേഷൻസ് ലീഗിന്റെ ഫൈനലിൽ കടന്ന് പോർച്ചുഗൽ. ബുധനാഴ്ച നടന്ന സെമിയിൽ ജർമനിയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തകർത്തു.മ്യൂണിക്കിലെ അലയൻസ് അരീനയിൽ നടന്ന മത്സരത്തിൽ ജർമനിയാണ് ആദ്യം മുന്നിലെത്തിയത്. 48-ാം മിനിറ്റിൽ ഫ്ലോറിയൻ വിർട്ട്സാണ് ജർമനിക്കായി ഗോൾ നേടിയത്. എന്നാൽ 63-ാം മിനിറ്റിൽ ഫ്രാൻസിസ്കോ കൊൻസെയ്കാവോയുടെ ഗോളിലൂടെ പോർച്ചുഗൽ ഒപ്പമെത്തി. പിന്നീട് ഗോൾ നേടാൻ ഇരു ടീമുകളും കിണഞ്ഞ് ശ്രമിച്ചു. 68-ാം മിനിറ്റിൽ സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോ സുന്ദരമായ ഗോളിലൂടെ പോർച്ചുഗലിനെ മുന്നിലെത്തിച്ചു. പിന്നീട് ഗോൾ മടക്കാൻ ജർമനി ശ്രമിച്ചെങ്കിലും നേടാനായില്ല. ഇതോടെ പോർച്ചുഗൾ ഫൈനലിലെത്തി. ഫ്രാൻസും സ്പെയ്നും തമ്മിലുള്ള രണ്ടാം സെമിഫൈനലിലെ വിജയിയെ ആയിരിക്കും റൊണാൾഡോയും സംഘവും കലാശപോരിൽ നേരിടുക.

## ഒരു ആഘോഷവും മനുഷ്യജീവനോളം വിലയുള്ളതല്ല: രാഹുൽ ഗാന്ധി

ന്യൂഡൽഹി: ഒരു ആഘോഷവും മനുഷ്യജീവനോളം വിലയുള്ളതല്ലെന്ന് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ആർസിബിയുടെ ഐപിഎൽ വിജയാഘോഷത്തിനിടെ ഉണ്ടായ ദാരുണമായ സംഭവത്തിന്റെ പശ്ചാത്തലത്തിലായിരുന്നു രാഹുലിന്റെ പ്രതികരണം.

ചിന്നസ്വാമി സ്റ്റേഡിയത്തിന് സമീപമുണ്ടായ ദുരന്തം ഹൃദയഭേദകമാണെന്നും രാഹുൽ ഗാന്ധി എക്സിൽ കുറിച്ചു. പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് എന്റെ അനുശോചനം. പരിക്കേറ്റ എല്ലാവർക്കും വേഗത്തിലും പൂർണമായും സുഖം പ്രാപിക്കട്ടെയെന്നും രാഹുൽ പറഞ്ഞു. ഈ സമയം ബംഗളൂരുവിലെ ജനങ്ങൾക്കൊപ്പം താൻ നിലകൊള്ളുന്നു. ദുരിതബാധിത കുടുംബങ്ങൾക്ക് കർണാടക സർക്കാർ സാധ്യമായ എല്ലാ പിന്തുണയും ആശ്വാസവും നൽകണം. ഈ ദുരന്തം വേദനാജനകമായ ഒരു ഓർമപ്പെടുത്തലാണ്. ഒരു ആഘോഷവും മനുഷ്യജീവനോളം വിലയുള്ളതല്ല. പൊതുപരിപാടികൾക്കുള്ള എല്ലാ സുരക്ഷാ പ്രോട്ടോക്കോളുകളും കർശനമായി നടപ്പിലാക്കുകയും വേണമെന്നും രാഹുൽ കൂട്ടിച്ചേർത്തു.

## കോവിഡ് കേസുകൾ കുതിക്കുന്നു, പുതിയ 564 രോഗികൾ, അഞ്ച് മാസം പ്രായമായ കുഞ്ഞടക്കം ഏഴുപേർ മരിച്ചു

ന്യൂഡൽഹി: രാജ്യത്ത് കോവിഡ് കേസുകൾ വീണ്ടും കുതിക്കുന്നു. 24 മണിക്കൂറിനിടെ 564 പുതിയ കേസുകളാണ് റിപ്പോർട്ട് ചെയ്തത്. ഇതോടെ രാജ്യത്ത് സജീവ കോവിഡ് കേസുകൾ 4,866 ആയി.

ഇതിൽ 1,487 കേസുകളും കേരളത്തിലാണ് റിപ്പോർട്ട് ചെയ്തത്. സംസ്ഥാനത്ത് 24 മണിക്കൂറിനിടെ 114 പേർക്കാണ് കോവിഡ് സ്ഥിരീകരിച്ചത്.

രാജ്യത്ത് 24 മണിക്കൂറിനിടെ കോവിഡ് ബാധിച്ച ഏഴുപേർ കൂടി മരിച്ചതായും സ്ഥിരീകരിച്ചിട്ടുണ്ട്. ഇതിൽ ഡൽഹിയിലെ അഞ്ചു മാസം പ്രായമായ കുഞ്ഞും ഉൾപ്പെടുന്നു.

അതേസമയം, കോവിഡ് പ്രതിരോധ മുന്നൊരുക്കങ്ങളുടെ ഭാഗമായി ഇന്ന് മോക്ഡ്രില്ലുകൾ നടത്താൻ കേന്ദ്ര ആരോഗ്യമന്ത്രാലയം സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ ആശുപത്രികളിലെ സജ്ജീകരണങ്ങൾ സജ്ജമാണെന്ന് വിലയിരുത്തുന്നതിനാണ് മോക്ഡ്രിൽ നടത്തുന്നത്.

കോവിഡ് സാഹചര്യം വിലയിരുത്താൻ സാങ്കേതിക സമിതി യോഗം ചേർന്നിരുന്നു. ഓക്സിജൻ, ഐസൊലേഷൻ കിടക്കകൾ, വെൻറിലേറ്ററുകൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കാൻ സംസ്ഥാനങ്ങൾക്ക് മാർഗനിർദേശം നല്കിയിട്ടുണ്ട്.

## യുക്രെയ്ൻ ആക്രമണത്തിന് ശക്തമായി തിരിച്ചടിക്കുമെന്ന് പുടിൻ

വാഷിംഗ്ടൺ: റഷ്യൻ വ്യോമതാവളങ്ങൾക്ക് നേരെ യുക്രെയ്ൻ നടത്തിയ മിന്നൽ വ്യോമാക്രമണത്തിന് ശക്തമായി തിരിച്ചടിക്കാൻ റഷ്യ ഒരുങ്ങുകയാണെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്.

റഷ്യൻ പ്രസിഡൻറ് വ്ലാദിമിർ പുടിനുമായി ഫോണിൽ സംസാരിച്ച ശേഷമായിരുന്നു ട്രംപിന്റെ വെളിപ്പെടുത്തൽ. ഒന്നര മണിക്കൂർ നീണ്ട സംഭാഷണത്തിൽ റഷ്യയ്ക്ക് നേരെയുണ്ടായ ആക്രമണങ്ങൾ, ഇരുരാജ്യങ്ങളും തമ്മിലുള്ള സംഘർഷം, ഇറാന്റെ ആണവ പദ്ധതി തുടങ്ങിയവയായിരുന്നു ചർച്ചാവിഷയം. പുടിനുമായി നടത്തിയ ഫോൺ സംഭാഷണം നന്നായിരുന്നെന്നും എന്നാൽ ഉടൻ സമാധാനം സാധ്യമാക്കാൻ പോന്നതായിരുന്നില്ലെന്നും ട്രംപ് സമൂഹമാധ്യമത്തിൽ വ്യക്തമാക്കി. യുക്രെയ്ൻ നടത്തിയ ആക്രമണത്തിനു തിരിച്ചടി നൽകുമെന്നു പുടിൻ പറഞ്ഞതായും ട്രംപ് വെളിപ്പെടുത്തി. അതേസമയം, പുടിന് ട്രംപ് നൽകിയ മറുപടിയെന്തെന്നു വ്യക്തമല്ല.

ജൂൺ ഒന്നിനാണ് റഷ്യൻ വ്യോമതാവളങ്ങളിൽ ഓപ്പറേഷൻ സ്പൈഡേഴ്സ് വെബിന്റെ ഭാഗമായി യുക്രെയ്ൻ ഡ്രോൺ ആക്രമണം നടത്തിയത്. റഷ്യയുടെ 40 യുദ്ധവിമാനങ്ങൾ തകർത്തതായാണ് യുക്രെയ്ൻ അവകാശപ്പെട്ടത്.

## ജാതി സെൻസസിനൊപ്പം ദേശീയ സെൻസസ്; 2027 മാർച്ചിൽ ആരംഭിക്കും

ന്യൂഡൽഹി: ജാതി സെൻസസിനൊപ്പം ദേശീയ സെൻസസ് നടത്തുന്നതിനുള്ള ഷെഡ്യൂൾ സർക്കാർ പ്രഖ്യാപിച്ചു. രണ്ട് ഘട്ടങ്ങളിലായിട്ടാണ് ഇത്തവണ സെൻസസ് നടത്തുക. 2027 മാർച്ച് ഒന്നു മുതൽ സെൻസസ് ആരംഭിക്കും. എന്നാൽ, ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലും ലഡാക്ക്, ജമ്മുകാഷ്മീർ, കേന്ദ്രഭരണ പ്രദേശങ്ങളിലും 2026 ഒക്ടോബർ ഒന്നിനാകും സെൻസസ് പ്രവർത്തനങ്ങൾ ആരംഭിക്കുക. മഞ്ഞുകാലം പരിഗണിച്ചാണ് ഈ പ്രദേശങ്ങളിൽ ഒക്ടോബറിൽ സെൻസസ് നടത്തുന്നത്. രാജ്യത്തെ ജനസംഖ്യയുടെ സമഗ്രമായ എണ്ണവും സാമൂഹിക-സാമ്പത്തിക വിശദാംശങ്ങളും ഉൾപ്പെടുത്തുന്ന സെൻസസിൽ ഇത്തവണ ജാതി, ഉപജാതി എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങളും ഉണ്ടാകും. സെൻസസ് വേളയിൽ പൗരരോട് ചോദിക്കുന്നതിനായി രജിസ്ട്രാർ ജനറലിന്റെയും സെൻസസ് കമ്മീഷണറുടെയും ഓഫീസ് 31 ചോദ്യങ്ങൾ തയാറാക്കിയിട്ടുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന രാഷ്ട്രീയ കാര്യ മന്ത്രിസഭാ സമിതിയുടെ യോഗത്തിന് ശേഷമാണ് ജാതി അടിസ്ഥാനമാക്കിയുള്ള കണക്കെടുപ്പ് അടുത്ത സെൻസസിന്റെ ഭാഗമാക്കുമെന്ന് ഏപ്രിലിൽ കേന്ദ്രം തീരുമാനിച്ചിരുന്നു.

## 'ഓപ്പറേഷൻ സിന്ദൂർ' ഇന്ത്യ സമർഥമായി തെരഞ്ഞെടുത്ത നാമം: ശശി തരൂർ

വാഷിംഗ്ടൺ: ഓപ്പറേഷൻ സിന്ദൂർ എന്ന നാമം ഇന്ത്യ സമർഥമായി നൽകിയതാണെന്ന് കോൺഗ്രസ് നേതാവ് ശശി തരൂർ എംപി. ഓപ്പറേഷൻ സിന്ദൂറിനെ കുറിച്ച് വിദേശ രാജ്യങ്ങളിൽ പ്രതിനിധി സംഘം സന്ദർശനം നടത്തുന്നതിനിടയിലാണ് തരൂരിന്റെ വിശദീകരണം.

യുഎസിലെ നാഷണൽ പ്രസ് ക്ലബിൽ നടന്ന ഒരു പരിപാടിയിലാണ് ഓപ്പറേഷൻ സിന്ദൂർ എന്ന പേര് സ്വീകരിക്കാനുള്ള കാരണത്തെ പറ്റിയുള്ള ചോദ്യം ഉയർന്നത്. അതിന് ഉത്തരം നൽകുകയായിരുന്നു പ്രതിനിധി സംഘത്തിന്റെ തലവൻ കൂടിയായ ശശി തരൂർ.

'സിന്ദൂരം ഇന്ത്യയുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്. വിവാഹിതരായ സ്ത്രീകളുടെ നെറ്റിയുടെ മധ്യഭാഗത്തായാണ് ഇത് പുരട്ടുന്നത്. ഹിന്ദുവിഭാഗത്തിൽ നിന്നല്ലാത്ത സ്ത്രീകളും സിന്ദൂരം ഉപയോഗിക്കാറുണ്ട്. കല്ല്യാണത്തിന് ആരംഭിക്കുന്ന സിന്ദൂരമിടൽ കല്ല്യാണം കഴിഞ്ഞ ദിവസം മുതൽ സ്ത്രീകൾ തുടരുന്നു. '-ശശി തരൂർ പറഞ്ഞു.

പഹൽഗാമിൽ തീവ്രവാദികൾ ചെയ്തത് ഭാര്യമാരുടെയും കുട്ടികളുടെയും മുന്നിൽ പുരുഷന്മാരെ വെടിവച്ചുകൊല്ലുകയും സ്ത്രീകളെ വെറുതെ വിടുകയുമാണ്. എന്നെയും കൊല്ലൂ എന്ന് ഒരു സ്ത്രീ നിലവിളിച്ചപ്പോൾ, ഇല്ല, നീ തിരിച്ചുപോയി ഞങ്ങൾ എന്താണ് ചെയ്തതെന്ന് അവരോട് പറയൂ എന്നായിരുന്നു തീവ്രവാദികളുടെ ഉത്തരം' എന്നും ശശി തരൂർ പറഞ്ഞു.

## കോവിഡ് കേസുകൾ ഉയരുന്നു: ഇന്ന് മോക്ഡ്രിൽ നടത്താൻ സംസ്ഥാനങ്ങൾക്ക് നിർദേശം

ന്യൂഡൽഹി: കോവിഡ് പ്രതിരോധ മുന്നൊരുക്കങ്ങളുടെ ഭാഗമായി ഇന്ന് മോക്ഡ്രില്ലുകൾ നടത്താൻ കേന്ദ്ര ആരോഗ്യമന്ത്രാലയം സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദേശം നൽകി. ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ ആശുപത്രികളിലെ സജ്ജീകരണങ്ങൾ സജ്ജമാണെന്ന് വിലയിരുത്തുന്നതിനാണ് മോക്ഡ്രിൽ നടത്തുന്നത്.

കോവിഡ് സാഹചര്യം വിലയിരുത്താൻ സാങ്കേതിക സമിതി യോഗം ചേർന്നു. ഓക്സിജൻ, ഐസൊലേഷൻ കിടക്കകൾ, വെൻറിലേറ്ററുകൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കാൻ സംസ്ഥാനങ്ങൾക്ക് മാർഗനിർദേശം നല്കി.

24 മണിക്കൂറിനിടെ 300 പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചതോടെ ആകെ രോഗികളുടെ എണ്ണം 4,302 ആയി. 24 മണിക്കൂറിനുള്ളിൽ ഏഴു മരണം റിപ്പോർട്ട് ചെയ്തു. മഹാരാഷ്ട്രയിൽ മാത്രം നാലുപേർ മരിച്ചു. ഇതോടെ, രാജ്യത്ത് ഇതുവരെ കോവിഡ് മൂലമുള്ള മരണസംഖ്യ 37 ആയി. അതേസമയം, സജീവ രോഗികൾ ഏറ്റവുമധികം കേരളത്തിലാണ്. 1,373 പേരാണ് ചികിത്സയിലുള്ളത്. പിന്നാലെ മഹാരാഷ്ട്ര (494), ഗുജറാത്ത് (397), ഡൽഹി (393) എന്നീ സംസ്ഥാനങ്ങളിലും രോഗബാധ കൂടുതലാണ്.

## ട്രെയിനിൽ നിന്നും പുഴയിലേക്ക് ചാടിയ അധ്യാപികയുടെ മൃതശരീരം കണ്ടെത്തി

തൃശൂർ: ചാലക്കുടിയിൽ ട്രെയിനിൽ നിന്ന് പുഴയിലേക്ക് ചാടിയ അധ്യാപിക മരിച്ചു. ചെറുതുരുത്തി ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ സോഷ്യോളജി അധ്യാപിക സിന്തോൾ ആണ് മരിച്ചത്. ഫയർഫോഴ്സും പോലീസും പുഴയിൽ നടത്തിയ തെരച്ചിലിലാണ് മൃതദേഹം കണ്ടെത്തിയത്. ബുധനാഴ്ച രാത്രി ഏഴോടെയാണ് നിലമ്പൂർ കോട്ടയം പാസഞ്ചറിൽ നിന്നും അധ്യാപിക ചാലക്കുടി പുഴയിലേക്ക് ചാടിയത്.

സഹയാത്രികയോട് പേര് വിവരങ്ങൾ പങ്കുവച്ചിരുന്നതിനാൽ ട്രെയിനിൽ നിന്ന് ചാടിയത് ആരെന്ന് പോലീസിന് എളുപ്പം തിരിച്ചറിയാൻ സാധിച്ചിരുന്നു.

## ചിന്നസ്വാമി ദുരന്തം: പരിപാടി സംഘടിപ്പിച്ചത് പോലീസ് നിർദേശം തള്ളിക്കൊണ്ട്

ബംഗളൂരു: ബംഗളൂരുവിലെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ 11 പേരുടെ മരണത്തിനിടയാക്കിയ പരിപാടി ആർസിബി സംഘടിപ്പിച്ചത് പോലീസ് നിർദേശം തള്ളി. രണ്ട് നിർദേശങ്ങളാണ് ഇത് സംബന്ധിച്ച് പോലീസ് മുന്നോട്ടുവച്ചത്. പരിപാടി സ്റ്റേഡിയത്തിന്റെ ഒരു ഭാഗത്ത് ചുരുങ്ങിയ ആളുകളെ മാത്രം പങ്കെടുപ്പിച്ച് നടത്തണമെന്ന് പോലീസ് നിർദേശിച്ചു. അതല്ലെങ്കിൽ വിജയാഘോഷം ഞായറാഴ്ചത്തേക്ക് മാറ്റണമെന്നായിരുന്നു നിർദേശം. എന്നാൽ വിദേശതാരങ്ങൾക്കും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള താരങ്ങൾക്കും ഉടൻ മടങ്ങണമെന്ന് ആർസിബി അധികൃതർ അറിയിക്കുകയായിരുന്നു. ഞായറാഴ്ചത്തേക്ക് പരിപാടി മാറ്റിവച്ചാൽ വിജയാഘോഷത്തിന്റെ തിളക്കം കുറയുമെന്നും അധികൃതർ പറഞ്ഞു. എന്നാൽ ചുരുങ്ങിയ സമയത്തിനുള്ളിൽ വിപുലമായ സുരക്ഷാക്രമീകരണം ഒരുക്കാൻ പരിമിതിയുണ്ടെന്ന് പോലീസും വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതെല്ലാം മറികടന്ന് പരിപാടി സംഘടിപ്പിച്ചതാണ് ദുരന്തത്തിന് വഴിവച്ചതെന്നാണ് ഉന്നതപോലീസ് വൃത്തങ്ങൾ അറിയിച്ചത്.ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിന് മുന്നിലെ തിക്കിലും തിരക്കിലും പെട്ട് 11 പേർക്കാണ് ജീവൻ നഷ്ടമായത്. കണ്ണൂർ സ്വദേശി ശിവലിംഗ്(17) അടക്കമുള്ളവരാണ് മരിച്ചത്. അതേസമയം, പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവർ അപകടനില തരണം ചെയ്തുവെന്ന് അധികൃതർ അറിയിച്ചു.

## 12 രാജ്യങ്ങളിൽ നിന്നുള്ള പൗരന്മാർക്ക് വിലക്ക് ഏർപ്പെടുത്തി യുഎസ്; തിങ്കളാഴ്ച മുതൽ പ്രാബല്യത്തിൽ

ന്യൂയോർക്ക്: അമേരിക്കയിലേക്ക് 12 രാജ്യങ്ങളിൽ നിന്നുള്ള പൗരന്മാർക്ക് യാത്രാ വിലക്ക് ഏർപ്പെടുത്തി പ്രസിഡൻറ് ഡോണൾഡ് ട്രംപ്. അഫ്ഗാനിസ്ഥാൻ, മ്യാൻമർ, ചാഡ്, കോംങ്കോ, എക്വിറ്റോറിയൽ ഗിനി, ഹെയ്തി, എറിട്രിയ, ഇറാൻ, ലിബിയ, സൊമാലിയ, സുഡാൻ, യെമൻ എന്നീ രാജ്യങ്ങളിൽ നിന്നുള്ളവർക്കാണ് അമേരിക്കയിലേക്ക് യാത്ര നിരോധിച്ചത്. തിങ്കളാഴ്ച മുതൽ വിലക്ക് പ്രാബല്യത്തിൽ വരും. ക്യൂബ അടക്കം ഏഴ് രാജ്യങ്ങളിൽ നിന്നുള്ള പൗരൻമാർക്ക് ഭാഗിക വിലക്കും ഏർപ്പെടുത്തി. അമേരിക്കയുടെ ദേശീയ സുരക്ഷക്ക് അനിവാര്യമാണ് ഈ നടപടിയെന്നാണ് ട്രംപിന്റെ വിശദീകരണം. 2017 ൽ ട്രംപ് പ്രസിഡൻറായിരുന്ന സമയത്തും സമാനമായ രീതിയിൽ രാജ്യങ്ങൾക്ക് പ്രവേശന വിലക്കേർപ്പെടുത്തിയിരുന്നു.

## ദേശീയപാത തകർന്നത് മണ്ണിന്റെ കുഴപ്പം കാരണം; എൻഎച്ച്എഐ ഹൈക്കോടതിയിൽ

ന്യൂഡൽഹി: സംസ്ഥാനത്തെ ദേശീയപാത തകർച്ചയ്ക്ക് കാരണം മണ്ണിന്റെ കുഴപ്പമെന്ന് എൻഎച്ച്എഐ ഹൈക്കോടതിയിൽ. ദൃഢതയില്ലാത്ത മണ്ണാണ് ഉപയോഗിച്ചത്. സമീപത്ത് വെള്ളം കെട്ടിനിന്നത് മണ്ണിന്റെ ദൃഢത ഇല്ലാതാക്കിയെന്നും എൻഎച്ച്എഐ കോടതിയെ അറിയിച്ചു. ദേശീയപാത തകർന്നത് പ്രഥമദൃഷ്ട്യാ കരാറുകാരുടെ വീഴ്ചയാണ്. പുതിയ കരാറുകളിൽ നിന്നും നിലവിലെ കരാറുകളിൽ നിന്നും കമ്പനിയെ വിലക്കിയിട്ടുണ്ടെന്നും ദേശീയപാത അഥോറിറ്റി വ്യക്തമാക്കി. പ്രൊജക്ട് കൺസൾട്ടൻറിനെയും വിലക്കിയിട്ടുണ്ട്. പ്രശ്നം പരിഹരിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചു. ഐഐടി ഡൽഹിയിൽ നിന്ന് വിരമിച്ച പ്രഫസർക്ക് മേൽനോട്ട ചുമതല നൽകിയെന്നും ദേശീയപാതാ അഥോറിറ്റി ഹൈക്കോടതിയിൽ നൽകിയ റിപ്പോർട്ടിൽ പറയുന്നു. പാതയുടെ പുനർനിർമാണം പൂർത്തിയാക്കാൻ പ്രത്യേകം മാർഗനിർദേശങ്ങൾ നൽകിയിട്ടുണ്ടെന്നും ദേശീയപാത അഥോറിറ്റി കോടതിയെ അറിയിച്ചു. ജസ്റ്റീസ് ദേവൻ രാമചന്ദ്രന്റെ ബെഞ്ചാണ് കേസ് പരിഗണിച്ചത്. പാത തകർന്നത് എങ്ങനെയാണ്, ആരാണ് ഉത്തരവാദികൾ, എന്താണ് പരിഹാരം തുടങ്ങിയ കാര്യങ്ങൾക്ക് മറുപടി നൽകാൻ ദേശീയപാതാ അഥോറിറ്റിയോട് കോടതി നേരത്തേ നിർദേശിച്ചിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ചിന്നസ്വാമി ദുരന്തം: മരിച്ച 11 പേരെ തിരിച്ചറിഞ്ഞു, 14കാരി ഉൾപ്പെടെ അഞ്ചു സ്ത്രീകൾ, ആറു പുരുഷന്മാർ

ബംഗളൂരു: ചിന്നസ്വാമി സ്റ്റേഡിയത്തിലെ തിക്കിലും തിരക്കിലുംപെട്ട് മരിച്ച എല്ലാവരെയും തിരിച്ചറിഞ്ഞു. പതിനൊന്നിൽ എട്ടുപേരും ബംഗളൂരു സ്വദേശികളാണ്. 14കാരി ദിവ്യാംശി അടക്കം മരിച്ചവരിൽ അഞ്ചു സ്ത്രീകളും ആറു പുരുഷന്മാരും ഉൾപ്പെടും. മരിച്ചവരിൽ ഒരു മലയാളിയും ഉൾപ്പെടുന്നുണ്ട്. കണ്ണൂർ സ്വദേശി ശിവലിംഗ്(17) ആണ് മരിച്ചത്.

പൂർണ ചന്ദ്ര, ഭൂമിക്, പ്രജ്വൽ, ചിന്മയി ഷെട്ടി, സഹാന, അക്ഷത, ദിവ്യാംശി, ശിവ് ലിംഗ്, മനോജ്, ദേവി, ശ്രാവൺ എന്നിവരാണ് മരിച്ചത്. ഇവരിൽ രണ്ടാംവർഷ ബിഡിഎസ് വിദ്യാർഥിയായ

ശ്രാവൺ ഒഴികെ മറ്റെല്ലാവരുടെയും മൃതദേഹം ബന്ധുക്കൾക്ക് പോസ്റ്റ്മോർട്ടത്തിന് ശേഷം വിട്ടുകൊടുത്തു.

അതേസമയം, അപകടത്തിൽ പരിക്കേറ്റ 47 പേരും അപകടനില തരണം ചെയ്തെന്ന് മുഖ്യമന്ത്രി സിദ്ധരാമയ്യ അറിയിച്ചു. സംഭവത്തിൽ കർണാടക സർക്കാർ മജിസ്ട്രേറ്റ് തല അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്.

## ഷഹബാസ് വധക്കേസ്; കുറ്റാരോപിതർ ഇന്ന് പ്ലസ് വൺ പ്രവേശനം നേടും

കോഴിക്കോട്; താമരശേരി ഷഹബാസ് വധക്കേസിൽ കുറ്റാരോപിതരായ വിദ്യാർഥികൾ പ്ലസ് വൺ പ്രവേശന നടപടികൾക്കായി ഇന്ന് പുറത്തിറങ്ങും. നിലവിൽ വെള്ളിമാടുകുന്ന് ഒബ്സർവേഷൻ ഹോമിൽ കഴിയുന്ന വിദ്യാർഥികൾക്ക് പുറത്തിറങ്ങാൻ ഹൈക്കോടതി അനുമതി നൽകിയിരുന്നു. രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെയാണ് സമയം. ഇതിൽ മൂന്നു വിദ്യാർഥികൾക്ക് അലോട്ട്മെൻറ് ലഭിച്ചത് താമരശേരി ഹയർ സെക്കൻഡറി സ്കൂളിലാണ്. പോലീസ് സംരക്ഷണത്തോടെ ആയിരിക്കും കുട്ടികൾ സ്കൂളിലെത്തുക.

# നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്: ഡ്രൈ ഡേ പ്രഖ്യാപിച്ചു

തിരുവനന്തപുരം: നിലമ്പൂർ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗിന്റെ (ജൂൺ 19) തൊട്ട് മുമ്പുള്ള 48 മണിക്കൂർ നിലമ്പൂർ നിയമസഭാ മണ്ഡലത്തിനുള്ളിൽ ഡ്രൈ ഡേ പ്രഖ്യാപിച്ചു. ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. മദ്യം സൂക്ഷിക്കുന്നതും വിൽക്കുന്നതും കണ്ടെത്തുന്നതിനും തടയുന്നതിനും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. കേൽക്കർ നിർദേശം നൽകി. ധകാമഴല: ബ്ലോക്ക് പഞ്ചായത്ത്: പരാതി സമർപ്പിക്കാനുള്ള തീയതി നീട്ടണമെന്ന് സണ്ണി ജോസഫ്പ

തിരുവനന്തപുരം: തദ്ദേശ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് വാർഡ് വിഭജനം സംബന്ധിച്ച കരട് വിജ്ഞാപനവുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കാനുള്ള സമയം 11 വരെ നീട്ടണമെന്ന് ആവശ്യപ്പെട്ട് കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ് എംഎൽഎ ഡീലിമിറ്റേഷൻ കമ്മിറ്റി ചെയർമാന് കത്തുനൽകി. കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ട തീയതി മേയ് 27 ആയിരിക്കെ അതു പ്രസിദ്ധീകരിച്ചത് 31ന് അർധരാത്രിയിലായിരുന്നു. പൊതുജനം ഇതറിയുന്നത് തൊട്ടടുത്ത ദിവസമായ ഞായറാഴ്ച ജൂൺ ഒന്നിനും. കരട് പരിശോധിച്ച് അതിന്മേലുള്ള പരാതികൾ നൽകുന്നതിനായി നേരത്തെ നിശ്ചയിച്ചിരുന്ന അവസാന തീയതി ജൂൺ ഏഴു വരെയാണ്. ഇതിനിടയിൽ ഞായറും ബക്രീദ് അവധിയും ചേർന്ന് രണ്ടു ദിവസം നഷ്ടമാകും. ഫലത്തിൽ അഞ്ചു ദിവസം മാത്രമാണ് പരാതികൾ നൽകുവാൻ ലഭിക്കുന്നത്. കരട് പരിശോധിച്ച് അതിന്മേലുള്ള പരാതികൾ നൽകുന്നതിന് ചുരുങ്ങിയത് പത്തു ദിവസം ലഭിക്കത്തക്കവിധം അവസാന തീയതി പുനഃക്രമീകരിക്കണമെന്നും സണ്ണി ജോസഫ് ആവശ്യപ്പെട്ടു.

# കഞ്ചാവ് കേസ്; യു. പ്രതിഭയുടെ മകൻ അടക്കമുള്ളവരെ ഒഴിവാക്കി കുറ്റപത്രം സമർപ്പിച്ചു

ആലപ്പുഴ: കഞ്ചാവ് കേസിൽ നിന്ന് യു. പ്രതിഭ എംഎൽഎയുടെ മകൻ കനിവ് അടക്കം ഏഴുപേരെ ഒഴിവാക്കി എക്സൈസ് കുറ്റപത്രം സമർപ്പിച്ചു. അമ്പലപ്പുഴ കോടതിയിലാണ് കുറ്റപത്രം സമർപ്പിച്ചത്. കുറ്റപത്രത്തിൽ രണ്ട് പേരുടെ മാത്രം പേരാണുള്ളത്. കഴിഞ്ഞ ഡിസംബർ 28ന് ആലപ്പുഴ തകഴിയിൽനിന്നാണ് എംഎൽഎയുടെ മകൻ അടക്കം ഒമ്പത് പേരെ കഞ്ചാവ് ഉപയോഗിച്ചുകൊണ്ടിരിക്കെ എക്സൈസ് സംഘം പിടികൂടിയത്. ഒമ്പത് പേരെയും കേസിൽ പ്രതി ചേർത്തിരുന്നു. കഞ്ചാവ് കൈവശം വച്ചതിനും പൊതു സ്ഥലത്ത് കഞ്ചാവ് ഉപയോഗിച്ചതിനുമായിരുന്നു കേസെടുത്തത്. കേസിൽ ഒമ്പതാം പ്രതിയായിരുന്നു കനിവ്. എന്നാൽ പിന്നീട് മൂന്ന് മുതൽ ഒമ്പത് വരെയുള്ള പ്രതികളെ കേസിൽനിന്ന് ഒഴിവാക്കുകയായിരുന്നു. സംഭവം വാർത്തയായതോടെ മകൻ കഞ്ചാവ് ഉപയോഗിച്ചിട്ടില്ലെന്നും വ്യാജ വാർത്തയാണെന്നുമുള്ള വാദവുമായി എംഎൽഎ രംഗത്തെത്തിയിരുന്നു.

തുടർന്ന് എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ എംഎൽഎ മുഖ്യമന്ത്രിക്കും എക്സൈസ് മന്ത്രിക്കും എക്സൈസ് കമ്മീഷണർക്കും പരാതി നൽകി. ഇതിന് പിന്നാലെ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം പ്രഖ്യാപിച്ചിരുന്നു. എക്സൈസ് ഉദ്യോഗസ്ഥരുടെ നടപടികളിൽ വീഴ്ച സംഭവിച്ചുവെന്നും വൈദ്യപരിശോധന നടത്തിയില്ലെന്നുമായിരുന്നു അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തൽ. കനിവടക്കം ഏഴ് പേർക്കെതിരെ കേസ് നിലനിൽക്കാൻ സാധ്യതയില്ലെന്നായിരുന്നു റിപ്പോർട്ട്. പ്രതികളിൽ കഞ്ചാവ് കണ്ടെടുത്ത രണ്ട് പേർക്കെതിരെ മാത്രമേ കേസ് നിലനിൽക്കൂ. കനിവ് കഞ്ചാവ് വലിച്ചതിന് സാക്ഷികളില്ലെന്നും റിപ്പോർട്ടിൽ പറഞ്ഞിരുന്നു.

# കോട്ടയത്ത് നിയന്ത്രണം നഷ്ടപ്പെട്ട കാർ തോട്ടിലേക്ക് മറിഞ്ഞ് ഒരാൾ മരിച്ചു

കോട്ടയം: നിയന്ത്രണം നഷ്ടപ്പെട്ട കാർ റോഡരികിലെ തോട്ടിലേക്ക് മറിഞ്ഞ് ഉള്ളിൽ കുടുങ്ങിയ യുവാവ് മരിച്ചു. പള്ളിക്കത്തോട് ചെങ്ങളത്ത് വാടകക്ക് താമസിക്കുന്ന പാലാ ചന്ദ്രൻകുന്നേൽ കുടുംബാംഗം ജെറിൻ ജെയിംസ് (19) ആണ് മരിച്ചത്. ബുധനാഴ്ച രാത്രി 8.15 ഓടെ പള്ളിക്കത്തോട് ആനിക്കാട് ചല്ലോലിയിലാണ് സംഭവം.

പള്ളിക്കത്തോട് ഭാഗത്ത് നിന്ന് എത്തിയ കാർ റോഡരികിലെ വെള്ളം നിറഞ്ഞ് കിടക്കുന്ന തോട്ടിലേക്ക് മറിയുകയായിരുന്നു. കാറിനുള്ളിലുണ്ടായിരുന്ന നാലുപേരിൽ മൂന്നുപേർ രക്ഷപെട്ടു. അപകടത്തിൽ ജെറിൻ കാറിനുള്ളിൽ കുടുങ്ങിപ്പോയിരുന്നു. ജെറിനാണ് കാർ ഓടിച്ചിരുന്നതെന്നാണ് സംശയം. വിവരമറിഞ്ഞ് പള്ളിക്കത്തോട് എസ്എച്ച്ഒ കെ. പി. ടോംസണിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘവും പാമ്പാടിയിൽ നിന്നുള്ള അഗ്നിരക്ഷാസേനാ സംഘവും സ്ഥലത്തെത്തി. തുടർന്ന് നടത്തിയ തിരച്ചിലിനൊടുവിൽ കാറിനുള്ളിൽനിന്നും മൃതദേഹം കണ്ടെത്തുകയായിരുന്നു. മൃതദേഹം കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി മോർച്ചറിയിൽ. പള്ളിക്കത്തോട് പോലീസ് മേൽനടപടികൾ സ്വീകരിച്ചു.

# വില്ലേജ് ഓഫീസിൽ ജീവനക്കാർ തമ്മിൽ കൈയാങ്കളി; രണ്ടുപേരെ സ്ഥലം മാറ്റി

പത്തനംതിട്ട: അടൂർ ഏറത്ത് വില്ലേജ് ഓഫീസിൽ ജീവനക്കാർ തമ്മിലടിച്ചു. സംഭവവുമായി ബന്ധപ്പെട്ട് രണ്ട് വില്ലേജ് അസിസ്റ്റൻറുമാരെ സ്ഥലംമാറ്റി. തിങ്കളാഴ്ച രാവിലെ ഏറം വില്ലേജ് ഓഫീസിലായിരുന്നു സംഭവം.

ഒരു ഫയലുമായി ബന്ധപ്പെട്ട അഭിപ്രായഭിന്നതയെ തുടർന്നാണ് രണ്ട് വില്ലേജ് അസിസ്റ്റൻറുമാരും തമ്മിൽ കൈയാങ്കളിയുണ്ടായത്.

സംഭവസമയത്ത്, പൊതുജനങ്ങളും വില്ലേജ് ഓഫീസിൽ ഉണ്ടായിരുന്നു. ഇതിനിടയിലാണ് തർക്കം മൂർഛിക്കുകയും വില്ലേജ് അസിസ്റ്റൻറുമാർ തമ്മിൽ കൈയേറ്റം ഉണ്ടാവുകയും ചെയ്തത്. സംഭവം ശ്രദ്ധയിൽപെട്ട ഉടൻ വില്ലേജ് ഓഫീസർ ഈ വിവരം താലൂക്കിൽ അറിയിച്ചു.

പിന്നാലെ ജില്ലാ കളക്ടർ വിഷയത്തിൽ ഇടപെടുകയും അദ്ദേഹത്തിന്റെ നിർദേശാനുസരണം സംഭവത്തിൽ അന്വേഷണം നടത്തുകയും ചെയ്തു. അന്വേഷണത്തിൽ, പ്രഥമദൃഷ്ട്യാ ഇരുവരുടെയും ഭാഗത്തുനിന്ന് ഔദ്യോഗിക കൃത്യനിർവഹണത്തിന് തടസം വരുന്ന തരത്തിലുള്ള പ്രവർത്തി ഉണ്ടായതായി കണ്ടെത്തി.

മാത്രമല്ല, സർക്കാർ ജീവനക്കാരുടെ പൊതു അച്ചടക്കത്തിന് വിരുദ്ധമായ പ്രവർത്തനവും ഇവരുടെ ഭാഗത്തുനിന്നും ഉണ്ടായതായും കണ്ടെത്തി. ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലാണ് ഇരുവർക്കെതിരെയും നടപടി എടുത്തത്. നിലവിൽ രണ്ട് വില്ലേജ് അസിസ്റ്റൻറുമാരെയും സ്ഥലംമാറ്റിയിട്ടുണ്ടെങ്കിലും വിഷയത്തിൽ തുടരന്വേഷണം ഉണ്ടാകുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

# ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് 643.88 കോടി രൂപയുടെ ഭരണാനുമതി

## സമഗ്ര ട്രാൻസ്പ്ലാന്റ് സെന്റർ: അവയവം മാറ്റിവയ്ക്കൽ രംഗത്ത് നിർണായക ചുവടുവയ്പ്പ്

കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതിക്കായി നിർവ്വഹണ ഏജൻസി സമർപ്പിച്ച വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ മന്ത്രിസഭാ യോഗം പുതുക്കിയ ഭരണാനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ജി.എസ്.ടി ഉൾപ്പെടെ 643.88 കോടി രൂപയുടെ ഭരണാനുമതിയ്ക്കാണ് അനുമതി. അവയവദാന മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനാണ് ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്. വിദഗ്ധ പരിശീലനം സിദ്ധിച്ച ഡോക്ടർമാരും ശാസ്ത്രജ്ഞരും ആരോഗ്യ പ്രവർത്തകരും ഉൾപ്പെടുന്ന ഒരു പ്രത്യേക സ്ഥാപനമായിരിക്കുമിത്. ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. ഉപകരണങ്ങൾ വാങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതായും മന്ത്രി വ്യക്തമാക്കി.

അവയവം മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ടുള്ള ചികിത്സ, അധ്യാപനം, പരിശീലനം, ഗവേഷണം, അവയവദാന പ്രവർത്തനങ്ങൾ തുടങ്ങിയവ ഇതിലൂടെ സാധ്യമാകും. അവയവങ്ങൾക്ക് കേടുപാട് വന്നവരുടെ ചികിത്സ മുതൽ അവയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും പുനരധിവാസവും വരെയുള്ള സമഗ്ര പരിചരണം സാധ്യമാക്കുന്ന തരത്തിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്.കോഴിക്കോട് ചേവായൂരിൽ 20 ഏക്കറിലാണ് ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത്. 6 നിലകളുള്ള 4 ബ്ലോക്കുകളുണ്ടാകും. 219 ജനറൽ കിടക്കകൾ, 42 പ്രത്യേക വാർഡ് കിടക്കകൾ, 58 ഐസിയു കിടക്കകൾ, 83 എച്ച്ഡിയു കിടക്കകൾ, 16 ഓപ്പറേഷൻ റൂമുകൾ, ഡയാലിസിസ് സെന്റർ, ട്രാൻസ്പ്ലാന്റേഷൻ ഗവേഷണ കേന്ദ്രം എന്നിവയുൾപ്പെടെ 510 കിടക്കകളുള്ള അത്യാധുനിക ആശുപത്രി സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 330 കിടക്കകളും 10 ഓപ്പറേഷൻ തീയറ്ററുകളും രണ്ടാം ഘട്ടത്തിൽ 180 കിടക്കകളും 6 ഓപ്പറേഷൻ തീയറ്ററുകളും സജ്ജമാക്കുന്നതാണ്. ആദ്യ ഘട്ടത്തിൽ 14 സ്പെഷ്യാലിറ്റി വിഭാഗങ്ങളും രണ്ടാം ഘട്ടത്തിൽ 7 സ്പെഷ്യാലിറ്റി വിഭാഗങ്ങളും ഉണ്ടാകും. അധ്യാപനത്തിനും വലിയ പ്രാധാന്യം നൽകുന്നു. 31 അക്കാദമിക് കോഴ്സുകൾ ആരംഭിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു.കോർണിയ, വൃക്ക, കരൾ, കുടൽ, പാൻക്രിയാസ്, ഹൃദയം, ശ്വാസകോശം, മജ്ജ, സോഫ്റ്റ് ടിഷ്യൂ, കൈകൾ, ബോൺ മാറ്റിവയ്ക്കൽ തുടങ്ങിയവയെല്ലാം ഈ സെന്ററിലൂടെ സാധ്യമാകും.സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് നിലവിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നത്. അവയവദാന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഈ സർക്കാർ കെ-സോട്ടോ രൂപീകരിച്ചു. ഇതുകൂടാതെയാണ് ഈ രംഗത്ത് മികച്ച മാതൃകയായി ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്.

# സുസ്ഥിര, പ്രകൃതി സൗഹൃദ വികസനം സംസ്ഥാനത്തിന്റെ നയം: മുഖ്യമന്ത്രി

സുസ്ഥിര,പ്രകൃതി സൗഹൃദ വികസനമാണ് സംസ്ഥാനത്തിന്റെ നയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പരിസ്ഥിതിമിത്രം പുരസ്കാര സമർപ്പണവും, പ്ലാസ്റ്റിക് ലഘുകൃത ജീവിതശൈലി ക്യാമ്പയിൻ ഉദ്ഘാടനവും തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

2021 മുതൽ ഒരു പതിറ്റാണ്ട് പരിസ്ഥിതി പുനസ്ഥാപനം എന്ന പ്രമേയത്തിലാണ് യു എൻ ഡി പി ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്. പ്ലാസ്റ്റിക് മലിനീകരണം അവസാനിപ്പിക്കുക എന്നത് പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഒരു വർഷം 400 മില്യൺ ടൺ പ്ലാസ്റ്റിക് മാലിന്യം ലോകത്താകമാനം പുറന്തള്ളുമ്പോൾ 10 ശതമാനം മാത്രമാണ് പുനരുപയോഗിക്കുന്നത്.

ഇതിൽ 11 മില്യൺ ടൺ പ്ലാസ്റ്റിക് മാലിന്യവും ജലാശയങ്ങളിൽ നിക്ഷേപിക്കപ്പെടുന്നു. 700 ലധികം ജലജന്യ വർഗങ്ങളുടെ നാശത്തിന് ഇത് കാരണമാകുന്നു. വലിയ ആഘാതം സൃഷ്ടിക്കുന്ന മലിനീകരണം തടയുന്ന നടപടികളുമായി ലോകം മുന്നോട്ട് പോവുകയാണ്. പ്ലാസ്റ്റിക് ലഘുകൃത ജീവിത ശൈലിക്ക് രൂപം കൊടുക്കുക എന്നതിന് സംസ്ഥാന സർക്കാർ പ്രധാന പരിഗണന നൽകുന്നു.

പരിസ്ഥിതി ദിനത്തിൽ ലോകത്താകമാനമുണ്ടാകുന്ന ചർച്ചകൾ തുടർച്ചയുണ്ടാകാതെ പോകുന്ന സാഹചര്യം ഇല്ലാതാക്കണം എന്നതാണ് സർക്കാർ നിലപാട്. അതുകൊണ്ടാണ് പരിസ്ഥിതി സംരക്ഷണത്തിനും മാലിന്യ സംസ്കരണത്തിനും ഈ സർക്കാർ ഇത്ര പരിഗണന നൽകുന്നത്. വികസനമെന്നത് സുസ്ഥിരവും പാരിസ്ഥിതിക സൗഹൃദവുമാകണമെന്ന നയത്തിലധിഷ്ഠിതമാണ്.

പുനരുപയോഗിക്കാവുന്ന ഊർജ സ്രോതസുകൾ, ഇലക്ട്രിക്ക് വാഹനങ്ങൾ എന്നിവയുടെ വ്യാപനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്.

2050 ഓടെ നെറ്റ് സീറോ കാർബൺ എമിഷൻ എന്ന ലക്ഷ്യത്തിലേക്കുള്ള നടപടികളുമായി കേരളം മുന്നോട്ട് പോകുന്നു. 2016-ൽ ഹരിത കേരള മിഷന് രൂപം നൽകിയത് പാരിസ്ഥിതിക രംഗത്തെ സുസ്ഥിര ഇടപെടലിന് വേണ്ടിയാണ്. മിഷന്റെ നേതൃത്വത്തിൽ നിരവധി നദികളും നീർച്ചാലുകളും വീണ്ടെടുക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. ഇനി ഞാൻ ഒഴുകട്ടെ ജനകീയ ക്യാമ്പയിൽ പ്രകടമായ ഗുണഫലം കേരള സമൂഹത്തിലുണ്ടാക്കി.

മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മേഖലകൾ തിരിച്ചറിയുന്നതിനായുള്ള നീർച്ചാൽ മാപ്പിംഗ്, ആഗോളതാപനത്തിനെതിരായി വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ച പച്ച തുരുത്തുകൾ സ്ഥാപിച്ചു. ഹരിതകർമസേനയുടെ സേവനം വ്യാപകമാക്കിയും എൻഫോഴ്സ്മെന്റ് ശക്തമാക്കിയും മാലിന്യമുക്ത കേരളത്തിനായി ഊർജിത പ്രവർത്തനങ്ങൾ തുടരുകയാണ്. ഒരു തൈ നടാം പദ്ധതിയിലൂടെ ഒരു കോടി വൃക്ഷത്തൈകൾ സംസ്ഥാന വ്യാപകമായി നടുന്ന പ്രവർത്തനങ്ങളിൽ മുഴുവൻ പൊതു സമൂഹത്തെ അണിനിരത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

പരിസ്ഥിതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു സ്വാഗതമാശംസിച്ചു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്' ചെയർപേഴ്സൺ ശ്രീകല എസ്, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ചെയർമാൻ ഡോ. എൻ. അനിൽ കുമാർ, നിയമസഭ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ, യുണിസെഫ് പ്രതിനിധി അനന്യ ഘോഷാൽ എന്നിവർ ആശംസകളർപ്പിച്ചു. പരിസ്ഥിതി വകുപ്പ് ഡയറക്ടർ സുനീൽ പമിടി നന്ദി അറിയിച്ചു.



പരിസ്ഥിതി ദിനത്തിൽ 'ഗ്രീൻ കേരള റൈഡ്' സംസ്ഥാനതല ഉദ്ഘാടനം എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടർ ഡോ. ചിത്രാ എസ് തമ്പാനൂരിൽ നിന്ന് നന്തൻകോട്ടേക്കുള്ള കെ.എസ്.ആർ.ടി.സി ഇലക്ട്രിക്ക് ബസ്സിന്റെ പ്രത്യേക സർവീസ് ഫ്ലാഗ് ഓഫ് ചെയ്ത് നിർവഹിക്കുന്നു



പരിസ്ഥിതിമിത്രം പുരസ്കാര സമർപ്പണവും, പ്ലാസ്റ്റിക് ലഘുകൃത ജീവിതശൈലി ക്യാമ്പയിൻ ഉദ്ഘാടനവും മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു.